(ബി) എങ്കിൽ ഈ വന്യജീവികളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ ഏതൊക്കെ ഇനത്തിൽപ്പെട്ടവയാണെന്നും അവ എത്ര വീതമുണ്ടെന്നും കണക്കാക്കിയിട്ടുണ്ടോ;

(ഡി) ഇവയെ വേട്ടയാടി നശിപ്പിക്കുന്നതായി ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഇ) ഇക്കാര്യത്തിൽ ആരുടെയെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(എഫ്) ഇതു സംബന്ധമായി വേട്ടയാടുന്നവർക്കെതിരെ ഏതെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സമഗ്രമായ പഠനം നടത്തിയിട്ടില്ല.

(സി) ആന, മ്ലാവ്, കാട്ടുപോത്ത് തുടങ്ങിയ ജന്തുക്കൾ അവിടെ മേയാനെത്തുന്നതായി കണ്ടിട്ടുണ്ട്. ഇവയുടെ ഇനം തിരിച്ചുള്ള എണ്ണം തിട്ടപ്പെടുത്തിട്ടില്ല.

(ഡി) ശ്രദ്ധയിൽ പെട്ടിട്ടില്ല.

(ഇ, എഫ്) ഇല്ല.

ബോണക്കാട് പുൽമേട്ടിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നിർദ്ദേശം

845. [1850] ശ്രീ. വി. സി. കബീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സഭയ്ക്ക് മറുപടി നൽകുമോ:

(എ) ബോണക്കാട് എസ്റ്റേറ്റിനു മുകളിൽ തമിഴ്നാട് അതിർത്തിയോടുചേർന്ന് കിടക്കുന്ന പുൽമേട്ടിൽ സാമൂഹ്യവനവൽക്കരണത്തിന്റെ പേരിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയത് ആരാണെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര ഹെക്ടർ സ്ഥലത്താണ് വൃക്ഷത്തൈകൾ നടുന്നത്;

(സി) ഇതുവരെ അതിനുവേണ്ടി എന്തുതുക ചെലവായി?

ഉത്തരം

(എ) ബോണക്കാട് എസ്റ്റേറ്റിനു മുകളിലുള്ള പുൽമേട് മരം നടാൻ തെരഞ്ഞെടുത്തത് വനംവകുപ്പിന്റെ ജില്ലാതല ഉദ്യോഗസ്ഥൻമാരാണ്. ഇത് മേലുദ്യോഗസ്ഥൻമാർ അംഗീകരിച്ചിട്ടുണ്ട്.

(ബി) 110 ഹെക്ടർ സ്ഥലത്താണ് സോഷ്യൽ ഫോറസ്ട്രി വിഭാഗം വൃക്ഷത്തൈകൾ നടുന്നത്.

(സി) 4,96,364 രൂപ ചെലവായി.

LIBRARY ARCHIVES Kerala Legislative Assembly